# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1794 04.12.2018 -ലെ മറുപടിയ്ക്ക്

**<u>മലപ്പുറം ഗവ: കോളേജ്, പി.റ്റി.എം. കോളേജ് എന്നിവിടങ്ങളിലെ കോഴ്സുകൾ</u>**

*ചോദ്യം* — ശ്രീ. മഞ്ഞളാംകുഴി അലി

*ഉത്തരം* — **ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | മലപ്പുറം ഗവ: കോളേജ്, പി.റ്റി.എം. കോളേജ് എന്നീ കോളേജുകളിൽ ബി.എസ്.സി. കെമിസ്ട്രി, ബി.എസ്.സി. ഫിസിക്സ് എന്നീ ബിരുദ കോഴ്സുകളിൽ ഫുഡ് സയൻസ്, കമ്പ്യൂട്ടർ സയൻസ് എന്നിവ സബ്സിഡിയറിയായി പഠിച്ചവരുടെ ബിരുദത്തിന് പി.എസ്.സി.യുടെ അംഗീകാരം ലഭിക്കാത്ത എന്തെങ്കിലും സ്ഥിതിവിശേഷം നിലവിലുണ്ടോ; എങ്കിൽ ഇത് ഇത്തരം ബിരുദക്കാർക്ക് വളരെയധികം പ്രയാസം സൃഷ്ടിക്കുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;വ്യക്തമാക്കുമോ; | (എ) & (ബി) | മലപ്പുറം ഗവ. കോളേജ്, പി.റ്റി.എം. കോളേജ് എന്നീ കോളേജുകളിലെ ബി.എസ്.സി. കെമിസ്ട്രി, ബി.എസ്.സി. ഫിസിക്സ് എന്നീ ബിരുദ കോഴ്സുകളിൽ ഫുഡ് സയൻസ്, കമ്പ്യൂട്ടർ സയൻസ് എന്നിവ സബ്സിഡിയറിയായി പഠിച്ചവരുടെ ബിരുദം എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് നിയമനത്തിന് പി.എസ്.സി. പരിഗണിക്കുന്നില്ല എന്ന പരാതി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഈ വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | ഇത്തരത്തിൽ അംഗീകാരം ലഭിക്കാത്ത സാഹചര്യമുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനും ഈ കോഴ്സുകൾക്ക് പി.എസ്.സി.യുടെ അംഗീകാരം ലഭിക്കുന്നതിനുമാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ